# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 13.06.2025**

## പ്രധാനവാർത്തകൾ

1. അഹമ്മദാബാദിലെ എയർ ഇന്ത്യ വിമാന അപകടത്തിൽ അന്വേഷണം തുടരുന്നു; ദുരന്ത സ്ഥലത്തും ആശുപത്രിയിലും പ്രധാനമന്ത്രി നരേന്ദ്രമോദി സന്ദർശനം നടത്തി.

2. അഹമ്മദാബാദ് ദുരന്തത്തിൽ മരിച്ചവരിൽ ഗുജറാത്ത് മുൻ മുഖ്യമന്ത്രിയും ; അപകടത്തിൽ നിന്നും രക്ഷപെട്ട വിമാന യാത്രക്കാരനുമായി സംസാരിച്ച് പ്രധാനമന്ത്രി.

3. വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട സ്വദേശിയുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് അറിയിച്ച് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും മന്ത്രി വീണാ ജോർജും.

4. വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സാധിക്കില്ലെന്ന കേന്ദ്ര സർക്കാർ നിലപാടിനെ വിമർശിച്ച് ഹൈക്കോടതി.

5. നിലമ്പൂരിൽ പരസ്യപ്രചരണം അവസാനിക്കാൻ നാലുദിവസം ശേഷിക്കെ പ്രചാരണം ശക്തമാക്കാൻ മുതിർന്ന നേതാക്കൾ രംഗത്ത്.

6. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത; ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത; മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രത.

*****************************************************

RNU TVPM

## അഹമ്മദാബാദ് വിമാനപകടം

അഹമ്മദാബാദിലെ എയർ ഇന്ത്യ വിമാന അപകടത്തിൽ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ അന്വേഷണം തുടരുന്നു. അപകടം സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിക്കുന്നതിനായി വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി സർക്കാർ ഉന്നതതല സമിതി രൂപീകരിക്കുമെന്ന് കേന്ദ്ര വ്യോമയാന മന്ത്രി രാം മോഹൻ നായിഡു അറിയിച്ചു. അഹമ്മദാബാദിലെ അപകട സ്ഥലം പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാവിലെ സന്ദർശിച്ചു. അപകടത്തിന്റെ വിവരങ്ങൾ വ്യോമയാന മന്ത്രി രാം മോഹൻ നായിഡു പ്രധാനമന്ത്രിയോട് വിശദീകരിച്ചു. ദുരന്തത്തിൽ പരിക്കേറ്റവർ ചികിത്സയിൽ കഴിയുന്ന അഹമ്മദാബാദ് സിവിൽ ആശുപത്രിയും പ്രധാനമന്ത്രി സന്ദർശിച്ചു. തുടർന്ന് പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി.

RNU TVPM

*******************************

## അമിത് ഷാ

അഹമ്മദാബാദിൽ വിമാന അപകടം നടന്ന പ്രദേശം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ സന്ദർശിച്ചിരുന്നു. ദുരന്തത്തിനിരയായവരെ തിരിച്ചറിയുന്നതിനായുള്ള ഡിഎൻഎ സാമ്പിൾ പരിശോധന രണ്ട് മൂന്ന് ദിവസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ശ്രമമെന്ന് ശ്രീ ഷാ അറിയിച്ചു. അഹമ്മദാബാദ് സിവിൽ ആശുപത്രിയിലെ ക്രമീകരണങ്ങളും അദ്ദേഹം വിലയിരുത്തി.

*******************************

## വിമാനപകടം - മരണം (ഇൻട്രോ)

അഹമ്മദാബാദ് ദുരന്തത്തിൽ യാത്രക്കാരും ജീവനക്കാരും ഉൾപ്പടെ വിമാനത്തിലുണ്ടായിരുന്ന 241 പേർ മരിച്ചതായി എയർ ഇന്ത്യ സ്ഥിരീകരിച്ചു. ഗുജറാത്ത് മുൻ മുഖ്യമന്ത്രിയും ബിജെപി നേതാവുമായ വിജയ് രൂപാണിയും മരിച്ചവരിൽ ഉൾപ്പെടുന്നു. അഹമ്മദാബാദിൽ നിന്ന് ലണ്ടനിലേക്ക് പോവുകയായിരുന്ന AI 171 വിമാനത്തിലുണ്ടായിരുന്ന ഇന്ത്യൻ വംശജനായ ബ്രിട്ടീഷ് പൗരൻ മാത്രമാണ് രക്ഷപെട്ടത്. ചികിത്സയിൽ കഴിയുന്ന വിശ്വാസ് കുമാർ രമേശ് എന്ന യാത്രക്കാരനെ പ്രധാനമന്ത്രി ഇന്ന് സന്ദർശിച്ചു. താൻ അദ്ഭുതകരമായാണ് രക്ഷപ്പെട്ടതെന്ന് വിശ്വാസ് കുമാർ പിന്നീട് പ്രതികരിച്ചു.

(വോയിസ്....)

വിമാനത്താവളത്തിൽ നിന്ന് പറന്നുയർന്ന ഉടൻ ബി ജെ മെഡിക്കൽ കോളേജിന് സമീപം വിമാനം തകർന്നു വീഴുകയായിരുന്നു. പ്രദേശത്തുണ്ടായിരുന്ന ഇരുപതിലേറെ പേർക്കും ജീവൻ നഷ്ടമായി. ഇവരിൽ നാലു പേർ ബി.ജെ മെഡിക്കൽ കോളേജ് ഹോസ്റ്റലിലുണ്ടായിരുന്ന എംബിബിഎസ് വിദ്യാർത്ഥികളാണ്.

RNUTVPM

*******************************

**രഞ്ജിത-വിമാനപകടം**

വിമാനാപകടത്തിൽ മരിച്ച പത്തനംതിട്ട പുല്ലാട് സ്വദേശി രഞ്ജിത ഗോപകുമാരൻ നായരുടെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. രഞ്ജിതയുടെ വീട്ടിലെത്തിയ അദ്ദേഹം ബന്ധുക്കളുമായി സംസാരിച്ചു. മന്ത്രി വീണ ജോർജ് ഇന്ന് രഞ്ജിതയുടെ വീട്ടിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. മൃതദേഹം വിട്ടുകിട്ടുന്നതിനായി രഞ്ജിതയുടെ

സഹോദരൻ ഇന്ന് ഗുജറാത്തിൽ എത്തി ഡി.എൻ.എ സാമ്പിൾ നൽകും.

*******************************

## വീണാ ജോർജ്ജ് (ഇൻട്രോ)

അപകടത്തിൽ ജീവൻ നഷ്ടപ്പെട്ട രഞ്ജിതയുടെ കുടുംബാംഗങ്ങളുടെ വേദനയിൽ പങ്കുചേരുന്നതായി മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. മൃതദേഹം നാട്ടിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ ആശയവിനിമയം നടത്തിയതായും മന്ത്രി പത്തനംതിട്ടയിൽ മാധ്യമങ്ങളോട് അറിയിച്ചു.

(ഹോൾഡ് വോയിസ്)

RNI TVPM

*******************************

## സസ്പെൻഷൻ-തഹസിൽദാർ

വിമാന അപകടത്തിൽ മരിച്ച രഞ്ജിതയെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ സമൂഹ മാധ്യമത്തിൽ പോസ്റ്റിട്ട വെള്ളരിക്കുണ്ട് താലൂക്കിലെ ജൂനിയർ സൂപ്രണ്ട് എ.പവിത്രനെ സസ്പെൻഡ് ചെയ്തതായി റവന്യൂ മന്ത്രി കെ.രാജൻ. ഹീനമായ നടപടിയാണ് ഡെപ്യൂട്ടി തഹസിൽദാരുടെ ഭാഗത്തു നിന്നും ഉണ്ടായതെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

*******************************

## ഇന്ത്യൻ എംബസി-ഡൽഹി വിമാനത്താവളം

ഇസ്രായേൽ - ഇറാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇസ്രായേലിലെയും ഇറാനിലെയും ഇന്ത്യക്കാർ ജാഗ്രത പാലിക്കാൻ ഇന്ത്യൻ എംബസികൾ നിർദേശം നൽകി.

അനാവശ്യ യാത്രകൾ ഒഴിവാക്കി സുരക്ഷിതമായ ഇടങ്ങളിൽ തുടരണമെന്നും ഔദ്യോഗിക നിർദേശങ്ങളെ മാത്രം ആശ്രയിക്കാനും ഇന്ത്യൻ എംബസി ആവശ്യപ്പെട്ടു. നിലവിലെ സാഹചര്യം രാജ്യത്തെ വിമാന സർവീസുകളെ ചെറിയ തോതിൽ ബാധിച്ചിട്ടുണ്ട്. യാത്ര പുറപ്പെടും മുൻപ് വിമാനക്കമ്പനികളുമായി ബന്ധപ്പെട്ട് വിവരങ്ങൾ ഉറപ്പാക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു. 16 അന്താരാഷ്ട്ര വിമാനങ്ങൾ വഴിതിരിച്ചു വിട്ടതായും തിരികെ മടങ്ങിയതായും എയർ ഇന്ത്യ അറിയിച്ചു.

*******************************

## വയനാട്

2005 ലെ ദേശീയ ദുരന്ത നിവാരണ നിയമത്തിൽ നിന്നും 13-ാം വകുപ്പ് ഒഴിവാക്കി നിയമം ഭേദഗതി ചെയ്തതിനാൽ വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ സാധിക്കില്ലെന്ന കേന്ദ്ര സർക്കാർ വാദത്തെ വിമർശിച്ച് ഹൈക്കോടതി. വിഷയത്തിൽ, ജസ്റ്റിസുമാരായ എ കെ ജയശങ്കരൻ നമ്പ്യാർ, പി എം മനോജ് എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ച് വാദം കേൾക്കുകയാണ്. ഇത് സംബന്ധിച്ച് കഴിഞ്ഞ ദിവസമാണ് കേന്ദ്രം സത്യവാങ്മൂലം നൽകിയത്. വായ്പ എഴുതി തള്ളാൻ സാധിക്കുമോ എന്നത് മൂന്ന് ആഴ്ചയ്ക്കകം അറിയിക്കണമെന്നും ഹൈക്കോടതി നിർദേശിച്ചു.

RNUTVPM

*******************************

## നിലമ്പൂർ-ഉപതെരഞ്ഞെടുപ്പ്

ഉപതെരഞ്ഞെടുപ്പിനുള്ള പരസ്യപ്രചരണം അവസാനിക്കാൻ നാലുദിവസം ശേഷിക്കെ നിലമ്പൂരിൽ പ്രചാരണം ശക്തം.

എൽഡിഎഫ് പ്രചാരണത്തിനായി മുഖ്യമന്ത്രിയും CPIM മുതിർന്ന നേതാവുമായ പിണറായി വിജയൻ ഇന്ന് മുതൽ

മൂന്ന് ദിവസം നിലമ്പൂരിലുണ്ടാകും. അഹമ്മദാബാദ് അപകടത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ് നേതാവ് പ്രിയങ്ക ഗാന്ധിയുടെ പ്രചാരണ പരിപാടികൾ ഞായറാഴ്ചയിലേക്ക് മാറ്റി. എൻ ഡി എ സ്ഥാനാർഥി മോഹൻ ജോർജിനായി സംസ്ഥാന നേതാക്കൾ അടക്കം മണ്ഡലത്തിലുണ്ട്. ഈ മാസം 19 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന്.

*******************************

## കോഴിക്കോട്-കപ്പൽ അപകടം

കോഴിക്കോട് തീരത്തിന് സമീപം അപകടത്തിൽപ്പെട്ട വാൻഹായ് 503 കപ്പലിലെ തീപിടുത്തം നിയന്ത്രിച്ചതായി റിപ്പോർട്ട്. ഏഴ് കോസ്റ്റ് ഗാർഡ് കപ്പലുകൾ ഇപ്പോഴും രക്ഷാ പ്രവർത്തനത്തിനുണ്ട്. കാണാതായ നാല് കപ്പൽ ജീവനക്കാർക്കായി തെരച്ചിൽ തുടരുകയാണ്. അതേസമയം കപ്പലിലെ കണ്ടെയിനറുകൾ ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ തീരത്ത് അണയാനുള്ള സാധ്യത പരിഗണിച്ച് തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശം നൽകി. ഇത്തരം വസ്തുക്കൾ ശ്രദ്ധയിൽപെട്ടാൽ 112 എന്ന നമ്പറിൽ അറിയിക്കേണ്ടതാണ്.

RNU TVPM

*******************************

## തലശ്ശേരി-തീർത്ഥാടന ടൂറിസം (ഇൻട്രോ)

കേന്ദ്ര സർക്കാരിന്റെ സ്വദേശി ദർശൻ 2.0 ൽ ഉൾപ്പെടുത്തി തലശ്ശേരിയിൽ നടപ്പാക്കുന്ന തീർത്ഥാടന ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം 30 നകം ആരംഭിക്കാൻ തീരുമാനം. 25 കോടി രൂപയാണ് പദ്ധതിക്കായി അനുവദിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..

(വോയിസ്)

******************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് കാലവർഷം സജീവം. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്രകാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 16 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. മലയോര - തീര മേഖലയിലേക്കുള്ള വിനോദയാത്രകൾ അടുത്ത ദിവസങ്ങളിൽ പരമാവധി ഒഴിവാക്കാൻ നിർദേശമുണ്ട്. നെയ്യാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തുന്നതിനാൽ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

RNUTVPM

******************************

## ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ്

ലോർഡ്സിൽ നടക്കുന്ന, ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന്റെ, മൂന്നാം ദിനമായ ഇന്ന് ഓസ്ട്രേലിയ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുനരാരംഭിക്കും. ഇന്നലെ മത്സരം അവസാനിക്കുമ്പോൾ ഓസ്ട്രേലിയ 8 വിക്കറ്റിന് 144 റൺസ് എന്ന നിലയിലാണ്. നിലവിൽ ദക്ഷിണാഫ്രിക്കയേക്കാൾ 218 റൺസിന്റെ ലീഡാണ് ഓസ്ട്രേലിയയ്ക്കുള്ളത്.

******************************

## ഹോക്കി

F.I.H ഹോക്കി പ്രോ ലീഗിൽ പുരുഷ - വനിതാ വിഭാഗങ്ങളിലായി നാളെ ഇന്ത്യ ഓസ്ട്രേലിയയെ നേരിടും. നിലവിൽ പോയിന്റ് പട്ടികയിൽ ഇന്ത്യയുടെ പുരുഷ വിഭാഗം അഞ്ചാം സ്ഥാനത്തും, വനിതകൾ ഏഴാം സ്ഥാനത്തുമാണ്.

*******************************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 664 പോയിന്റ് നഷ്ടത്തിൽ 81,028 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 203 പോയിന്റ് നഷ്ടത്തിൽ 24,686 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വിലയിൽ വർദ്ധന. പവന് 1,560 രൂപ ഉയർന്ന് 74,360 രൂപയും ഗ്രാമിന് 195 രൂപ ഉയർന്ന 9,295 രൂപയുമാണ് ഇന്നത്തെ വില.

*******************************

## കണ്ണൂർ തൊഴിൽ മേള

വിജ്ഞാന കേരളം തൊഴിൽ ക്യാമ്പയിന്റെ ഭാഗമായി കണ്ണൂരിൽ തൊഴിൽ മേളയ്ക്കുള്ള ഒരുക്കങ്ങൾ അവസാന ഘട്ടത്തിലെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. ഈ മാസം 21 ന് കണ്ണൂർ ഗവൺമെന്റ് എൻജിനീയറിങ് കോളേജിൽ ആരംഭിക്കുന്ന മേളയിലേക്ക് 18 വരെ അപേക്ഷിക്കാം.

*

***********

**************************************************

RNU TVPM